പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 2972

13.03.18 - ൽ മറുപടിക്ക്.

## ഭവനശ്രീ വായ്പ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീമതി പി. അയിഷാ പോറ്റി | ഡോ.കെ.ടി.ജലീൽ (തദ്ദേശ സ്വയം ഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| (എ) കൊട്ടാരക്കര മണ്ഡലത്തിൽപ്പെട്ട ഉമ്മന്നൂർ ഗ്രാമപഞ്ചായത്ത് കുടുംബശ്രീ മുഖേന നൽകിയ ഭവനശ്രീ വായ്പ സർക്കാർ എഴുതി തള്ളിയിട്ടും പ്രസ്തുത പദ്ധതി പ്രകാരം ഉമ്മന്നൂർ കോർപ്പറേഷൻ ബാങ്കിൽ നിന്നും വായ്പ എടുത്ത കുടുംബങ്ങൾക്ക് പ്രസ്തുത ആനുകൂല്യം ഇതുവരെ ലഭ്യമാകാത്തത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) പ്രസ്തുത ആനുകൂല്യം വായ്പ്പയെടുത്തവർക്ക ലഭിക്കുവാൻ ഇനി എന്ത് നടപടികളാണ് അവശേഷിക്കുന്നത്;പ്രസ്തുത നടപടികൾ അടിയന്തിരമായി പൂർത്തീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ബി) കുടുംബശ്രീ അയൽക്കൂട്ടാംഗങ്ങൾക്ക് ബാങ്കുകൾ മുഖേന നൽകിയിരുന്ന ഭവനശ്രീ വായ്പയുടെ 30/6/2010-ന് ശേഷമുള്ള തിരിച്ചടവ് സർക്കാർ ഏറ്റെടുത്തിരുന്നു. എന്നാൽ ഈസമയം ബാങ്കുകൾ റിപ്പോർട്ട് ചെയ്യാൻ വിട്ടുപോയിട്ടുള്ള അഡീഷണൽ അക്കൗണ്ടുകളിലെ ഭവനശ്രീ വായ്പകൾ (ഉമ്മന്നൂർ ഗ്രാമ പഞ്ചായത്തിലെ ഭവനശ്രീ വായ്പ ഉൾപ്പെടെ) കൂടി സ.ഉ.(കൈ)നം.111/2017/തസ്വഭവ തീയതി 12/06/2017 ഉത്തരവ് പ്രകാരം സർക്കാർ ഏറ്റെടുത്തിട്ടുണ്ട്. ഭവനശ്രീ ഗുണഭോക്താക്കൾക്ക് ആധാരം തിരികെ നൽകുന്നതുമായി ബന്ധപ്പെട്ട് ബാങ്കുകൾക്ക് നൽകേണ്ടതായ തുക റിലീസ് ചെയ്യുന്നതിന് സർക്കാരും, ബാങ്കും, കുടുംബശ്രീയും തമ്മിൽ ഒരു ത്രികക്ഷി കരാറിൽ ഏർപ്പെടേണ്ടതുണ്ട്. ടി കരാർ മാതൃക നിയമവകുപ്പ് പരിശോധിച്ചു വരുന്നു. പ്രസ്തുത കരാർ ഒപ്പു വച്ച് വായ്പ തുക ബാങ്കുകൾക്ക് കൈമാറുന്നതോടെ മാത്രം ഗുണഭോക്താക്കളുടെ പ്രമാണം തിരികെ ലഭ്യമാക്കാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ